**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2907** **07-10-2025 - ൽ മറുപടിയ്ക്ക്**

**കുറിച്ചി സചിവോത്തമപുരം നഗറിലെ തൊഴിൽ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കുറിച്ചി സചിവോത്തമപുരം നഗറിൽ 2012-13-ൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടങ്ങളിലെ സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കി നഗർ അസോസിയേഷന് കൈമാറുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | സ്വയം പര്യാപ്ത ഗ്രാമം 2012-13 വർഷത്തിൽ ഉൾപ്പെട്ട സചിവോത്തമപുരം ഗ്രാമത്തിൽ സ്വയം തൊഴിലിനായി ചെയ്ത കെട്ടിടങ്ങളും മൊബൈൽ മോർച്ചറി യൂണിറ്റും ഉൾപ്പെടുത്തി ഒരു പ്രോജക്ട് സചിവോത്തമപുരം വില്ലേജ് അസ്സോസിയേഷൻ തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം വകുപ്പിൽ നിലനിർത്തി അവയുടെ നടത്തിപ്പ് ചുമതല ഒരു വർഷത്തേക്ക് സചിവോത്തമപുരം പട്ടികജാതി വില്ലേജ് അസോസിയേഷന് നൽകുന്നതിനും ആയതു സംബന്ധിച്ച് DDOയും അസോസിയേഷനുമായി MOU വെച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തനങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനും മേൽനോട്ടത്തിനും MLA, District Development Officer (DDO) എന്നിവർ കൂടി ഉൾപ്പെട്ട monitoring കമ്മിറ്റി രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത സംരംഭങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | സചിവോത്തമപുരം നഗറിലെ തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം നൽകി ഈ സംരംഭങ്ങളിലൂടെ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | സചിവോത്തമപുരം വില്ലേജ് അസോസിയേഷൻ MOU വെച്ച് അവരുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ